**INTERNATIONAL INDIAN SCHOOL DAMMAM**

**CLASS :X WORKSHEET 2024 - 2025 SUB: MALAYALAM**

---

## I.ഉത്തരമെഴുതുക

1.കിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര് ?
2.മോക്ഷാർത്ഥി എന്താണ് ചെയ്യേണ്ടത് ?
3.മനുഷ്യന് ശത്രുക്കളായത് എന്താണ് ?
4.മുക്തിക്ക് വിഘ്നം വരുത്തുന്നത് എന്ത്?
5.അഹംബുദ്ധിയുണ്ടാകുന്നത് എന്തു കൊണ്ടാണ് ?
6.അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ എത്ര കാണ്ഡങ്ങൾ ഉണ്ട് ?
7.ഏതു രസം ആവിഷ്കരിക്കുന്നതിലായിരുന്നു എഴുത്തച്ഛന് കൂടുതൽ താല്പര്യം ?
8.വേഗത്തിൽ നഷ്ടമാകുന്നത് എന്ത് ?
9. മനസ്താപമുണ്ടാകുന്നത് എന്തുകൊണ്ട് ?
10. എഴുത്തച്ഛൻ സ്വീകരിച്ച ഭാഷയുടെ പ്രത്യേകത എന്ത് ?
11."ചിരമഹോ കൊതിച്ചു ഞാൻ " കൊതിച്ചതെന്തിന് ?
12.അർത്ഥിക്ക് ഈശ്വരൻ നൽകുന്നതെന്ത് ?
13.സുഖോദയം വികലമാകുന്നതെപ്പോൾ ?
14.ശൈശവകഥയ്ക്കു ചേർന്ന വാക്കരുളിയതാര് ?
15.വീണപൂവ് പ്രസിദ്ധീകൃതമായത് ഏത് വർഷം ?
16. വിവേകികൾ ധന്യമാക്കുന്നതെന്ത് ?
17.നിജകർമ്മനീതരായ് ഏതു മാർഗ്ഗവും സ്വീകരിക്കുന്നതാര് ?
18.നാളേയ്ക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നതെന്ത് ?
19.കുട്ടിയേകാന്തത കണ്ണുപൊത്തിക്കളിക്കുന്നത് എവിടെ ?
20.ചുറ്റുമതിലിൻ പുറത്തു നിന്നതാര് ?
21.അമ്മ പിൻസീറ്റിൽ ഇരുന്നതെങ്ങനെ ?
22.അന്നത്തെ സൂചിപ്രയോഗത്തിന്റെ നീറ്റൽ പോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ് – ഈ വരികളിൽ സൂചിതമാകുന്ന ഭാവം എന്ത് ?
23.സ്വയം ബുദ്ധികെട്ടു കരിന്തിരിയാളുംവരെ തന്നെ എവിടെ കൊണ്ടുപോകണമെന്നാണ് അമ്മ മകനെ ശല്യപ്പെടുത്തിയത് ?
24. "ഓണക്കാലത്തുണരും ഞാൻ

തിരുവോണപ്പാട്ടുകളാണെൻ പാട്ടുകൾ"- ഇവിടെ ഞാൻ എന്നു പറഞ്ഞതാരെ ?

25.മഴ കൊണ്ടാലും മേടുകൾ തോറും മലരിൻ കൂട നിറച്ചു വിറച്ചു നിൽക്കുന്നതാര് ?

26.നീളും മലയുടെ ചങ്ങലവട്ടയിൽ  ഇവിടെ ചങ്ങലവട്ടയായി കവി സങ്കല്പ്പിച്ചിരിക്കുന്നത് എന്തിനെയാണ് ?

27.വിളക്കിലെ തിരിനാളമായി കവി സങ്കല്പ്പിച്ചിരിക്കുന്നത് എന്തിനെയാണ് ?

28.വെള്ളിത്താലമെടുത്ത് നിരന്നു ലസിക്കുന്നതാര് ?

29. മുഹൂർത്തം കാത്ത് ദീപക്കുറ്റികൾ നാട്ടിയിരിക്കുന്നതാര് ?

30.തിരികൾ തെറുത്ത് കരവിരലുകൾ കുഴഞ്ഞത് ആർക്കാണ് ?

31.ഓണക്കോടിയുടുത്ത് പരുങ്ങിയൊരുങ്ങി എത്തുന്നതാര് ?

32.നിലാവാകുന്ന കമുകിൻ പൂവരി തൂകി ഓണത്തപ്പനെ എതിരേൽക്കാൻ കാത്തുനിന്നതാര് ?

33. മഹാബലിയെ വരവേൽക്കാൻ കുരവയിടൂ എന്ന് കവി ആരോടാണ് ആവശ്യപ്പെടുന്നത് ?

34.ആർപ്പുവിളിക്കൂ എന്ന് ആവശ്യപ്പെടുന്നത് ആരോടെല്ലാം ?

35. മഹാഭാരതയുദ്ധം നടന്നത് എവിടെവെച്ചാണ് ?

36.അറുപതാണ്ട് ഭൂമി വാഴുന്നതാര് ?

37.ഇടങ്കൈകൊണ്ട് പുൽക്കൊടി ഉതിർത്തതാര് ?

38.ശപിക്കപ്പെട്ടവൻ എന്ന വാക്കിന് അർഹനാര് ?

39.താൻ ശാശ്വതലോകങ്ങൾ നേടുമെന്ന് ദുര്യോധനൻ ഉറക്കെ വിശ്വസിക്കുന്നതെന്തുകൊണ്ട് ?

40.ദുര്യോധനന്റെ സഹോദരിയാര് ?

41.ദുര്യോധനന്റെ തുടയ്ക്ക് തല്ലിവീഴ്ത്തിയതാര് ?

42.ഭാഗീരഥി കച്ഛത്തിൽ ഋഷികളോടുകൂടി ഇരുന്നതാര് ?

43.മൂന്ന് ലോകത്തെയും നശിപ്പിക്കാൻ കഴിവുള്ള ആ ദിവ്യാസ്ത്രമേത് ?

44.കുട്ടികൃഷ്ണമാരാരുടെ ഏത് കൃതിയാണ് കേന്ദ്രസാഹിത്യ അക്കാദമി അവാർഡിന് അർഹമായത് ?

45.പ്രായോപവേശം ചെയ്യുമെന്ന് പ്രഖ്യാപിച്ചതാര് ?

46.കുരുക്ഷേത്രത്തിൽ ഒടുക്കം വീഴ്ത്തപ്പെട്ടതാര് ?

47.ധർമ്മജ്ഞന്മാരുടെ അനുശാസനമെന്ത് ?

48.ദുര്യോധനന്റെ സ്വഭാവസവിശേഷതയായി മാരാർ വീക്ഷിക്കുന്നതെന്ത് ?
49.ഏത് ഗ്രാമത്തിന്റെ സന്തതിയാണ് വെള്ളായിയപ്പൻ ?
50.കടൽത്തീരത്ത് എന്ന കഥയിൽ ദൈവസാന്നിദ്ധ്യം പ്രകടമാകുന്നത്
എവിടെ ?
51.കൊലക്കയറിനെപ്പോലെ കഴുത്തിൽ ചുറ്റിപ്പിരിഞ്ഞതെന്ത് ?
52.നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ അനുഭവപ്പെടുന്നത് എന്ത് ?
53.ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നത് എവിടെ നിന്ന് ?
53.കഴുകന്മാർ ചുറ്റിപ്പറന്നത് എവിടെ ?
54.വെള്ളായിയപ്പന്റെ കണ്ണുകളിൽ അന്ധാളിപ്പു നിറഞ്ഞതെപ്പോൾ ?
55.അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ നടന്നകലുന്നത് ആര് ?
56.വധശിക്ഷയുടെ ചടങ്ങാണെന്ന് വെള്ളായിയപ്പൻ അറിയാതിരുന്ന – തെന്ത് ?
57.മലയാള കഥാസാഹിത്യത്തിന് നവീന മുഖം നൽകിയ എഴുത്തുകാരനാര് ?
58.ഇ. സന്തോഷ്കുമാറിന്റെ ബാലസാഹിത്യ കൃതിയേത് ?
59.ഏത് റേഡിയോ ആണ് ചാക്കുണ്ണി വാങ്ങിയത് ?
60.റേഡിയോ എങ്ങനെ ശ്രദ്ധിക്കണമെന്നാണ് ചാക്കുണ്ണി പറഞ്ഞത് ?
61.ചാക്കുണ്ണിയുടെ മകൻ ആസ്വദിച്ചിരുന്ന റേഡിയോ പരിപാടി ഏത് ?
62. റേഡിയോയുടെ പിൻവശത്ത് എന്ത് പടമായിരുന്നു ?
63.ചെമ്പുമത്തായിയുടെ ജീവിതലക്ഷ്യം എന്തായിരുന്നു ?

II.പ്രയോഗം മാറ്റുക

1.ദ്രൌപതി ഭീമനെ പ്രോത്സാഹിപ്പിച്ചു
2.ഞാൻ ശാശ്വതലോകങ്ങൾ നേടും
3.ചുറ്റുമുള്ള യാത്രക്കാർ അയാളെ ആദരവോടെ നോക്കുന്നു.

III. അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിക്കുക

1.ആയുധകവചാദികൾ ഇല്ലെങ്കിലും, തൊഴുതു കുമ്പിട്ടുനിന്നാലും ഒരുവനെയും അവർ വെറുതെ വിട്ടില്ല.
2.രാജാവിന്റെ ഈ വിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണുനിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി.
3.ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന പനമ്പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അപരിചിതമായി തോന്നി.

IV. തെറ്റുതിരുത്തുക

1.തയ്യൽയന്ത്രത്തിന് അഭിമുഖമായി എതിരെയായി ചുവരിൽ ഒരു തട്ടിൽ റേഡിയോ വെച്ചു.
2.പാണ്ഡവരിൽ വാസുദേവനും സാതൃകിയും ഉൾപ്പെടെ ഏഴുപേരും നമ്മളിൽ മൂന്നുപേരും മാത്രമേ ഇനി അവശേഷിച്ച് ബാക്കിയുള്ളൂ.
3.സാന്ത്വനം കൊടുക്കുകയോ വാങ്ങുകയും ചെയ്യാത്ത മനസ്സിന്റെ മറ.

V. പത്രവാർത്ത തയ്യാറാക്കുക

1.നിങ്ങളുടെ പ്രദേശത്ത് നിർമ്മിച്ച മാലിന്യസംസ്കരണശാല, ആരോഗ്യമന്ത്രി നാടിന് സമർപ്പിച്ചതിനെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക.
2.പെട്ടിക്കടമുതൽ സാമൂഹ്യമാധ്യമങ്ങൾ വരെ കച്ചവടകേന്ദ്രങ്ങളാക്കി , കുഞ്ഞിക്കൈകളിലെത്തിക്കപ്പെടുന്ന മയക്കുപൊതികളുടെ വലയത്തിൽപ്പെട്ടുപോകുന്ന നഷ്ടബാല്യങ്ങളെപ്പറ്റി ഒരു പത്രവാർത്ത തയ്യാറാക്കുക.

VI. കത്ത് തയ്യാറാക്കുക

1.നിങ്ങളുടെ വിദ്യാലയത്തിനു സമീപത്തെ വാഹനങ്ങളുടെ മത്സരയോട്ടവും യുവാക്കളുടെ ബൈക്ക് റേസും അടിയന്തിരമായി നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗതാഗതമന്ത്രിക്ക് ഒരു പരാതിക്കത്ത് തയ്യാറാക്കുക.
2. വായനയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും ഒരു പത്രത്തിന്റെ പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക.